# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2332** 18.02.2016 -ൽ മറുപടിക്ക്

## പതിനെട്ട് വയസ്സിനുതാഴെയുള്ളവർക്ക് സൗജന്യചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) പതിനെട്ട് വയസ്സിനു താഴെയുള്ള വർക്ക് ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സകളാണ് സൗജന്യമായി നൽകുന്നത് ; വരുമാന പരിധി യുണ്ടോ ; വിശദാംശം നൽകുമോ ;

(എ) രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) വഴിയും ആരോഗ്യകിരണം പദ്ധതി വഴിയും 18 വയസ്സിന് താഴെയുള്ളവർക്ക് ചികിത്സാ സഹായം സൗജന്യമായി ലഭ്യമാക്കുന്നു.

**രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം**

18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന 30 അസുഖങ്ങൾക്കാണ് സൗജന്യ ചികിത്സ നൽകി വരുന്നത്.

**ജനനവൈകല്യങ്ങൾ (Defects at Birth)**

* ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)
* ഡൗൺ സിൻഡ്രോം (Down Syndrome)
* മുറിച്ചുണ്ട് (Cleft lip)
* അണ്ണാക്കിലെ വിടവുകൾ (Palate/Cleft Palate alone)
* കാൽപ്പാദ വൈകല്യങ്ങൾ - Talipes (Club foot)
* അരക്കെട്ടിനുണ്ടാകുന്ന വികാസ വൈകല്യം (Developmental Pysplasia of the Hip)
* ജൻമനാലുള്ള തിമിരം (Congenital Cataract)
* ജൻമനാലുള്ള കേൾവിക്കുറവ് (Congenital Deafness)
* ജൻമനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)
* മാസം തികയാതെ പ്രസവിക്കുന്നത് കൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ (Retinopathy of Prematurity)

(.....2)

**ന്യൂനതകൾ (Deficiencies)**

* വിളർച്ചയും ഗുരുതരമായ അനീമിയയും
* വിറ്റാമിൻ 'എ' യുടെ കുറവ് (Bitot Spot)
* വിറ്റാമിൻ 'ഡി' യുടെ കുറവ് (Rickets)
* ഗുരുതരമായ പോഷകാഹാരക്കുറവ്
* തൊണ്ടവീക്കം (Goiter)

**ശൈശവ രോഗങ്ങൾ (Childhood Diseases)**

* ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
* ചെവിക്കുള്ളിലെ അണുബാധ (Otitis Media)
* റുമാറ്റിക് ഹൃദ്രോഗം (Rhumatic Heart Diseases)
* പല്ലിലെ പോട് (Dental caries)
* ജന്നി രോഗങ്ങൾ (Convulsive Disorders)

**വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities)**

* കാഴ്ചക്കുറവ്
* കേൾവിക്കുറവ്
* Neuro Motor impairment } ചലനവൈകല്യങ്ങൾ
* Motor delay
* ബുദ്ധിപരമായ വികാസത്തിനുള്ള കാലതാമസം (Cognitive Delay)
* ഭാഷാപരമായ വികാസത്തിനുള്ള കാലതാമസം (Language Delay)
* ഓട്ടിസം (Autism)
* പഠനവൈകല്യം (Learning Disorder)
* എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)
* Congenital Hypothyroidism, Sickle Cell Anaemia, Beta Thalassemia (ബീറ്റാതലസീമിയ) (Optional)

മേൽ പ്രസ്താവിച്ച രോഗങ്ങൾക്കുള്ള സൗജന്യ ചികിത്സയ്ക്ക് വരുമാന പരിധിയില്ല .

മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം താഴെപ്പറയുന്നു.

1. 18 വയസ്സിന് താഴെയായിരിക്കണം
2. വരുമാന പരിധിയില്ല
3. ബി.പി.എൽ/എ.പി.എൽ ഒരു പോലെ ബാധകമാണ്
4. ഇന്ത്യൻ പൗരനായിരിക്കണം
5. വളർച്ചയും വികാസവുമായി ബന്ധപ്പെട്ട കാല താമസവും / വൈകല്യങ്ങൾക്കും, ചികിത്സയും, തുടർ ചികിത്സയും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി) എന്ന സ്ഥാപനം വഴി സൗജന്യമാക്കിയിരിക്കുന്നു.

(.....3)

6. സർക്കാർ സ്ഥാപനങ്ങൾ മുഖാന്തരമാണ് ഈ പദ്ധതി സൗജന്യമാക്കിയിരിക്കുന്നത്.

**ആരോഗ്യകിരണം പദ്ധതി**

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ വിധ രോഗങ്ങളുടെയും ചികിത്സ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്.

സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങൾ നടപ്പിലാക്കിയിട്ടുള്ള ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) പദ്ധതിക്ക് സമാനമായ രീതിയിലാണ്. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം കുട്ടികളിൽ കൂടുതലായും കണ്ട് വരുന്ന 30 അസുഖങ്ങൾക്കുള്ള പരിശോധനയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാവിധ ചികിത്സയും തീർത്തും സൗജന്യമാണ്. ആരോഗ്യകിരണം പദ്ധതി ഈ 30 അസുഖങ്ങൾക്ക് പുറമേയുള്ളവയെ ഉദ്ദേശിച്ചാണ്.

ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒ.പി. ടിക്കറ്റ് മുതൽ എല്ലാ സേവനങ്ങളും തികച്ചും സൗജന്യമാക്കിയിരിക്കുന്നു. രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണ് എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെങ്കിലും ലാബ് പരിശോധനകൾക്ക് അതാത് ആശുപത്രികളിൽ സംവിധാനം ഇല്ലാത്തപക്ഷം അവ ആർ.എസ്.ബി.വൈ പദ്ധതിയിൽ എംപാനൽ ചെയ്ത് ലാബുകളിൽ നിന്നും ചെയ്തുകൊടുക്കപ്പെടും. സമാന രീതിയിൽ ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി, സപ്ലൈകോ ഫാർമസി, എച്ച്.ഡി.സി / എച്ച്.എം.സി നടത്തുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കിയിരിക്കുന്നു. ഇങ്ങനെ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്കുള്ള തുക ആരോഗ്യകിരണം ഫണ്ടിൽ നിന്നും നേരിട്ട് നൽകുന്നതാണ്.

ഈ പദ്ധതി എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നു. എന്നാൽ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും, വരുമാന നികുതി അടക്കുന്നവർക്കും ഈ പദ്ധതി ലഭ്യമല്ല.

(ബി) ഏതൊക്കെ ആശുപത്രികളിലെ ചികിത്സകൾക്കാണ് സഹായം അനുവദിക്കുന്നത് ; എത്ര തുക വരെയുള്ള ചികിത്സകൾക്കാണ് സഹായം നൽകുന്നത് ; വിശദമാക്കുമോ ?

(ബി) കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഈ സൗജന്യ ചികിത്സ ലഭ്യമാണ്. വളർച്ചയും വികാസവുമായി ബന്ധപ്പെട്ട അസുഖങ്ങൾക്ക് ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി) എന്ന സ്ഥാപനം 14 ജില്ലകളിലും ചുവടെ ചേർക്കുന്ന ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | ജില്ല | സ്ഥാപനം |
|---|---|---|
| 1. | തിരുവനന്തപുരം | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| 2. | കൊല്ലം | ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം |
| 3. | പത്തനംതിട്ട | താലൂക്ക് ആശുപത്രി, തിരുവല്ല |
| 4. | ആലപ്പുഴ | ജനറൽ ആശുപത്രി, ആലപ്പുഴ |
| 5. | കോട്ടയം | ജനറൽ ആശുപത്രി, കോട്ടയം |
| 6. | ഇടുക്കി | ജില്ലാ ആശുപത്രി, ഇടുക്കി |
| 7. | എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം |
| 8. | തൃശ്ശൂർ | ജില്ലാ ആശുപത്രി, തൃശ്ശൂർ |
| 9. | മലപ്പുറം | താലൂക്ക് ആശുപത്രി, തിരൂരങ്ങാടി |
| 10. | പാലക്കാട് | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട് |
| 11. | കോഴിക്കോട് | ജനറൽ ആശുപത്രി, ബീച്ച്, കോഴിക്കോട് |
| 12. | വയനാട് | ജനറൽ ആശുപത്രി, കൽപ്പറ്റ |
| 13. | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| 14. | കാസർഗോഡ് | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |

ആർ.ബി.എസ്.കെ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആശുപത്രികൾ മുഖേനയും ചികിത്സാ സഹായം അനുവദിക്കുന്നു.

1. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖാന്തിരം മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾക്കും , ഹൃദയസംബന്ധമായ അസുഖങ്ങൾക്കുമുള്ള ശസ്ത്രക്രിയകൾ നടത്തുന്നു.

(.....5)

2. സർക്കാർ ആശുപത്രികൾ മുഖാന്തിരം ചെയ്യാൻ സാധിക്കാത്ത ഹൃദയ സംബന്ധമായതും, മസ്തിഷ്ക സംബന്ധമായതും , സർക്കാർ ആശുപത്രികളിൽ നിന്ന് ഈ കാരണത്താൽ റഫർ ചെയ്യുന്നതുമായ അസുഖങ്ങൾക്കുള്ള ചികിത്സ കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വഴിയും നൽകുന്നു.

ആരോഗ്യകിരണം പദ്ധതി പ്രകാരം 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സയും നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി സൗജന്യമാണ്. ആർ.ബി.എസ്.കെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസുഖങ്ങൾക്ക് ചികിത്സാ തുകയ്ക്ക് പരിധിയില്ല. ആരോഗ്യകിരണം പദ്ധതിയിലും ചികിത്സാ ചെലവുകൾക്ക് പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല.

P. [signature]

സെക്ഷൻ ഓഫീസർ

Y